(സി) പഞ്ചായത്തു വിഭജനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസ്ഥാനത്തെ പ്രമുഖ രാഷ്ട്രീയ പാർട്ടികളുമായി ചർച്ച ചെയ്തിട്ടുണ്ടോ ;

(ഡി) വിവിധ പഞ്ചായത്തുകളുടെ വിഭജനത്തോട് എതിർപ്പ പ്രകടിപ്പിച്ചു കൊണ്ട് ജനപ്രതിനിധികളും പഞ്ചായത്ത് ഭരണസമിതികളും സമർപ്പിച്ച പരാതികൾ പരിശോധിക്കുവാനും ഇവരുമായി ചർച്ച ചെയ്യുവാനും നടപടി സ്വീകരിക്കുകയുണ്ടായോ ;

(ഇ) അത്തരത്തിൽ ചർച്ചകൾക്കൊന്നും തയ്യാറാകാതെ പഞ്ചായത്ത് വിഭജനം സംബന്ധിച്ച നിലപാട് ഏങ്ങനെ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പുതിയ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വിഭജനവുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം നൽകി. 27-11-2014-ലെ സ.ഉ. (സാധാ) 3113/2014/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ജനസംഖ്യ, ഭൂവിസ്തൃതി, പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിലാണ് വിവിധ ഗ്രാമപഞ്ചായത്തുകൾ വിഭജിച്ചിട്ടുള്ളത്.

(സി) കേരള പഞ്ചായത്ത് രാജ് നിയമം (4)-ാം വകുപ്പ് പ്രകാരം പഞ്ചായത്തു വിഭജനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ രാഷ്ട്രീയ പാർട്ടികളുമായി ചർച്ച ചെയ്യണമെന്ന് വ്യവസ്ഥയില്ല.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ബാധകമല്ല.

ആദർശ് ഗ്രാമ യോജന

240 (1612) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ആദർശ് ഗ്രാമ യോജനയുമായി ബന്ധപ്പെട്ട് ഏതെങ്കിലും പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം പഞ്ചായത്തുകൾ ആദർശ് ഗ്രാമ യോജനയിൽ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിയുടെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്?

ഉത്തരം

(എ) പരിഗണനയിലുണ്ട്. പദ്ധതികൾ തയ്യാറാക്കുന്നതിന് മുന്നോടിയായുള്ള ബെയ്സ് ലൈൻ സർവ്വേ പൂർത്തിയായിവരുന്നു.

(ബി) സമർപ്പിച്ചിട്ടില്ല.

(സി)

1. കേരളത്തിൽ 6 സംസ്ഥാനതല ട്രയിനർ (STOT)മാരെ നിയോഗിച്ച് പരിശീലനം നൽകി.

2. 29 ആദർശ ഗ്രാമപഞ്ചായത്തുകളിലേയ്ക്കും (20 ലോക്സഭ, 9 രാജ്യസഭ) ചാർജ് ഓഫീസർമാരെ നിയോഗിച്ച് പദ്ധതി പ്രവർത്തനങ്ങളെ സംബന്ധിച്ച് പരിശീലനം നൽകി.

3. സംസ്ഥാനതലത്തിൽ എംപവേർഡ് കമ്മിറ്റി രൂപീകരിച്ചു.

4. 29 ആദർശ ഗ്രാമപഞ്ചായത്തുകളിലും ബേസ് ലൈൻ സർവ്വേ പൂർത്തീകരിക്കുകയും വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്ന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലുമാണ്.

5. പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ വില്ലേജ് ഡെവലപ്മെന്റ് പ്ലാൻ, പ്രവർത്തനങ്ങൾ 29 ആദർശ ഗ്രാമപഞ്ചായത്തുകളിലും ആരംഭിച്ചിട്ടുണ്ട്.

ശുചിത്വ മിഷൻ

241 (1613) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

ഗ്രാമത്തിലും നഗരത്തിലുമുള്ള എല്ലാ കുടുംബങ്ങൾക്കും ശുചീകരണ സംബന്ധമായ സൗകര്യം നൽകാൻ ശുചിത്വ മിഷൻ തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

ഗ്രാമത്തിലും നഗരത്തിലുമുള്ള എല്ലാ കുടുംബങ്ങൾക്കും ശുചീകരണ സംബന്ധമായ സൗകര്യം ഒരുക്കുന്നതിലേയ്ക്കായി ശുചിത്വമിഷൻ ഗ്രാമപഞ്ചായത്ത്, നഗരസഭകൾ

LIBRARY ARCHIVES Kerala Legislative Assembly